# ഡയറ്റ് കണ്ണൂർ

## മുകുളം എസ്. എസ് .എൽ .സി. മാതൃകാപരീക്ഷ – 2022

## ജീവശാസ് ത്രം

**സമയം : 1 ½ Hr**

**സ്കോർ : 40**

**<u>പൊതു നിർദ്ദേശങ്ങൾ</u>**

**a.** ആദ്യത്തെ **15 മിനിറ്റ്** സമാശ്വാസ സമയമാണ് ഈ സമയം ചോദ്യങ്ങൾ വായിക്കാനം, ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനം ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനം ഉപയോഗിക്കാം.

**b.** ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി ഉത്തരം എഴുതുക .

**c.** ഉത്തരം എഴുതുമ്പോൾ **സ്കോർ , സമയം** എന്നിവ പരിഗണിക്കണം.

### പാർട്ട് -1

**A. 1** മുതൽ **6** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **4** എണ്ണത്തിന് ഉത്തരം എഴുതുക (1 സ്കോർ വീതം)
**(4 x 1= 4 )**

ഒറ്റപ്പെട്ടവ കണ്ടെത്തി മറ്റുള്ളവയുടെ പൊതുസ്വഭാവം എഴുതുക ?

1. ശ്ലേഷ്മം, ലൈസോസൈം. HCl, ന്യൂട്രോഫിൽ
2. ജിബർലിൻ, സൈറ്റോകിനിൻ, ഇൻസുലിൻ, ഓക്സിൻ

പദജോഡി ബന്ധം കണ്ടെത്തി വിട്ട ഭാഗം പൂരിപ്പിക്കുക ?

3. സ്വരൂപക്രോമസോം : 44 എണ്ണം :: ലിംഗനിർണയ ക്രോമസോം : ..................
4. തൈറോക്സിൻ : ക്രെറ്റിനിസം :: സോമാറ്റോട്രോപ്പിൻ : ..................

5. ശരിയായ പദജോഡി കണ്ടെത്തുക?
   a. എയ്ഡ്സ് -പ്രോട്ടോസോവ
   b. ക്ഷയം- മൈക്കോബാക്ടീരിയം ട്യൂബർകുലോസിസ്
   c. മലേറിയ -വൈറസ്

6. ജീനുകളെ മുറിച്ചുമാറ്റാൻ ജനിതക എൻജിനീയറിങ്ങിൽ ഉപയോഗിക്കുന്ന 'ജനിതക കത്രിക' എന്നറിയപ്പെടുന്ന എൻസൈമേത് ?


**B . 7** മുതൽ **9** വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക . (1 സ്കോർ വീതം)
**(3 x 1 = 3)**

തന്നിട്ടുള്ള പ്രസ്താവനകളിൽ അടിവരയിട്ട ഭാഗത്ത് തെറ്റുണ്ടെങ്കിൽ തിരുത്തുക.

7. സുഷുമ്നയുടെ സെൻട്രൽ കനാലിൽ നിറഞ്ഞിരിക്കുന്ന ദ്രാവകമാണ് <u>എൻഡോ ലിംഫ്.</u>
8. കണ്ണുകളിൽ അസാധാരണ മർദ്ദം ഉളവാക്കുന്ന രോഗമാണ് <u>തിമിരം.</u>
9. ഉൽപരിവർത്തന സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് <u>ലാമാർക്ക്</u> ആണ്.

## പാർട്ട് -2

**A. 10.** ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് ഉത്തരം എഴുതുക ( 2 സ്കോർ )
**(1 x 2 = 2)**




a. A, B എന്നിവ തിരിച്ചറിഞ്ഞ് എഴുതുക?
b. ഒന്നാം തലമുറയിൽ പ്രകടമാകുന്ന സ്വഭാവം ഏത്?

**B. 11** മുതൽ **12** വരെയുള്ള ചോദ്യങ്ങളിൽഏതെങ്കിലും **1** എണ്ണത്തിന് ഉത്തരമെഴുതുക ( 2 സ്കോർ വീതം)
**(1 x 2 = 2)**


11. ഒരാൾ ദൂരെയുള്ള വസ്തുവിനെ നോക്കുകയാണ് - അയാളുടെ കണ്ണിലെ ലെൻസ് ,സീലിയറി പേശി എന്നിവക്ക് വരുന്ന മാറ്റങ്ങൾ എഴുതുക?

12. ജൈവഘടികാരം എന്നറിയപ്പെടുന്ന ഗ്രന്ഥി ഏത്? ഈ ഗ്രന്ഥിയുടെ ഒരു ധർമ്മം എഴുതുക?


## പാർട്ട് -3

**A. 13** മുതൽ **16** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **3** എണ്ണത്തിന് ഉത്തരം എഴുതുക **( 3** സ്കോർ വീതം **)**
**( 3 x 3 = 9 )**

13. കാഴ്ച എന്ന അനുഭവവുമായി ബന്ധപ്പെട്ട ഫ്ലോ ചാർട്ട് തയ്യാറാക്കുക ?




14) ജീനുകളുടെ പ്രവർത്തനവുമായി ( പ്രോട്ടീൻ നിർമ്മാണ പ്രക്രിയ ) ബന്ധപ്പെട്ട ഫ്ലോചാർട്ട് പൂർത്തിയാക്കുക ?



↓

( c )

↓

mRNA യിലെ സന്ദേശം അനുസരിച്ച്, അമിനോ ആസിഡുകൾ കൂട്ടിച്ചേർത്ത് പ്രോട്ടീൻ നിർമ്മിക്കുന്നു

15.ഒരു വ്യക്തിയിൽ പ്രഭാതഭക്ഷണത്തിന് മുൻപുള്ള രക്തപരിശോധനയിൽ, ഗ്ലൂക്കോസിന്റെ അളവ് **126 mg/100 ml** എന്ന തോതിന് മുകളിൽ കാണപ്പെട്ടു .

a) ഈ വ്യക്തിയുടെ രോഗാവസ്ഥ ഏത് ?

b) ഈ രോഗാവസ്ഥയുടെ കാരണം എന്ത് ?

c) ഈ രോഗത്തിന്റെ ലക്ഷണങ്ങൾ ഏതൊക്കെ ?

16. "കോവിഡ് വാക്സിൻ കണ്ടെത്തി" . ലോകം പ്രതീക്ഷയിൽ .....

( a ) എന്താണ് വാക്സിനുകൾ ?

( b ) വാക്സിനുകളിലെ എതെങ്കിലും രണ്ട് ഘടകങ്ങൾ എഴുതുക**?**

( c ) വാക്സിനുകൾ പ്രവർത്തിക്കുന്നതെങ്ങിനെ ?

**B.** ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് ഉത്തരം എഴുതുക**.** **( 3** സ്കോർ**)**
**( 1 x 3 = 3 )**

**17.** ഒരു രോഗിയിൽ പ്രകടമായ ലക്ഷണങ്ങൾ ചുവടെ കൊടുക്കുന്നു

**[**കഠിനമായ പനി **,** തലവേദന **,** പേശി വേദന കണ്ണിനു ചുവപ്പ് നിറം **]**

**a.** ഇത് ഏത് രോഗത്തിന്റെലക്ഷണം ആണ്**?**
**b.** ഈ രോഗത്തിന്റെ രോഗകാരി ഏത് **?**
**c.** ഈ രോഗം ഫലപ്രദമായി തടയാനുള്ള രണ്ടു മാർഗ്ഗങ്ങൾ എഴുതുക**?**

പാർട്ട് **-4**

A. **18** മുതൽ **20** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **2** എണ്ണത്തിന് ഉത്തരം എഴുതുക **(**4 സ്കോർ വീതം **)**
**( 2 x 4 = 8 )**

**18. [**ഹെലികോപ്റ്റർ അപകടത്തിൽ വീരമൃത്യു വരിച്ച ജവാന്മാരുടെ മൃതശരീരം **DNA** ഫിംഗർ പ്രിൻറിംഗിലൂടെ തിരിച്ചറിഞ്ഞു**.]**

**a.**ഈ സാങ്കേതികവിദ്യയുടെ ഉപജ്ഞാതാവ് ആര്**?**

**b.** ഈ സാങ്കേതികവിദ്യയുടെ അടിസ്ഥാനമെന്താണ്**?**


**c.** ഡിഎൻഎ ഫിംഗർ പ്രിൻറിംഗിന്റെ രണ്ട് സാധ്യതകൾ എഴുതുക

**19.** സസ്യഹോർമോണുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക

| **സസ്യഹോർമോൺ** | **ധർമ്മം 1** | **ധർമ്മം 2** |
|---|---|---|
| എഥിലിൻ | ഇലകൾ പാകമാകൽ | ഫലങ്ങൾ പാകമാകൽ |
| **A** | സംഭൃതാഹാരത്തെ വിഘടിപ്പിച്ച് വിത്തുകൾ മുളക്കാൻ സഹായിക്കുന്നു | **B** |
| ഓക്സിൻ | **C** | **D** |
| **E** | പാകമായ ഇലകൾ കായ്കൾ എന്നിവ പൊഴിയുന്നു | **F** |
| സൈറ്റോകിനിൻ | **G** | **H** |

20. പട്ടിക പൂർത്തിയാക്കുക

**i)**





**ii)** നേത്രാരോഗ്യ സംരക്ഷണത്തിനുള്ള 2 മാർഗ്ഗങ്ങൾ എഴുതുക**?**

**B. 21** മുതൽ **22** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **1** എണ്ണത്തിന് ഉത്തരം എഴുതുക (4 സ്കോർ )
**( 1 x 4 = 4 )**

**21.** ചുവടെ കൊടുത്തിരിക്കുന്ന അവയവ / ഭാഗ പ്രവർത്തനങ്ങൾ തിരിച്ചറിഞ്ഞ് സിംപതറ്റിക് വ്യവസ്ഥ ,പാരാസിംപതറ്റിക് വ്യവസ്ഥ എന്നിങ്ങനെ ഉചിതമായി പട്ടിക പൂർത്തിയാക്കുക

| അവയവം / ഭാഗം | സിംപതറ്റിക് വ്യവസ്ഥയുടെ പ്രവർത്തനം | പാരാസിംപതറ്റിക് വ്യവസ്ഥയുടെ പ്രവർത്തനം |
|---|---|---|
| ഹൃദയം | ഹൃദയമിടിപ്പ് കൂടുന്നു | ഹൃദയമിടിപ്പ് സാധാരണ നിലയിലാകുന്നു |
| ഉമിനീർ ഗ്രന്ഥി | ( a ) | ( b ) |
| പ്യൂപ്പിൾ | ( c ) | ( d ) |
| ആമാശയം | ( e ) | ( f ) |
| മൂത്രസഞ്ചി | ( g ) | ( h ) |

**22.** താഴെ കൊടുത്തിട്ടുള്ള ചിത്രീകരണം വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**?**




a. A എന്ന വിഭാഗത്തിൻറെ പേര് എഴുതുക?
b. B എന്ന ജീവിയേത്?
c. A യിൽ ഉൾപ്പെടുന്ന ജീവികളുടെ പൊതുസ്വഭാവം എന്ത്?
d. മനുഷ്യൻ കുരങ്ങിൽ നിന്നും പരിണമിച്ചത് ആണെന്ന അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

## പാർട്ട് -5


**23** മുതൽ **24** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **1** എണ്ണത്തിന് ഉത്തരം എഴുതുക **(** 5 സ്കോർ **)**
**( 1 x 5 = 5 )**

**23.** താഴെ കൊടുത്തിട്ടുള്ള പട്ടിക വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

| രക്ത ഗ്രൂപ്പുകൾ | ആന്റിജനുകൾ | ആന്റിബോഡികൾ |
|---|---|---|
| A | A | . . ..( i )...... |
| B | ......( ii )..... | a |
| AB | A,B | ...( iii )..... |
| O | ഇല്ല | ....( iv )..... |

**a. i, ii, iii, iv** എന്നിവ എഴുതുക? (2)
b. രക്തം ഗ്രൂപ്പുകളായി തിരിച്ചതിന്റെ അടിസ്ഥാനമെന്ത്? (1)
c. രക്തം നിവേശനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട 2 കാര്യങ്ങൾ എഴുതുക? (2)

**24.**താഴെ കൊടുത്തിട്ടുള്ള ചിത്രം വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**.**



**a.** ചിത്രം പകർത്തി വരയ്ക്കുക? (1)
**b**. താഴെ പറയുന്ന ധർമ്മം നിർവഹിക്കുന്ന ഭാഗങ്ങൾ തിരിച്ചറിഞ്ഞ് അടയാളപ്പെടുത്തുക? (3)
i. അനൈച്ഛിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു.
ii. ഇന്ദ്രിയാനുഭവങ്ങൾ ഉണ്ടാക്കുന്നു.
iii. പേശീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.
c. മസ്തിഷ്കം ഏതെല്ലാം രീതിയിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു? (1)

*********************